**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5201** **14-03-2023 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ ആകെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2016 ജൂൺ മുതൽ 2023 ജനുവരി വരെ വയനാട് ജില്ലയിൽ പട്ടയം ലഭിച്ചവരിൽ പട്ടികവർഗ്ഗക്കാരായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2016 ജൂൺ മാസം മുതൽ 2023 ജനുവരി മാസം വരെ വയനാട് ജില്ലയിൽ 3851 പട്ടയം/ക്രയസർട്ടിഫിക്കറ്റുകളും, 604 കുടുംബങ്ങൾക്ക് നിക്ഷിപ്ത വനഭൂമിക്കുള്ള കൈവശാവകാശവും, 230 കുടുംബങ്ങൾക്ക് 2006-ലെ വനാവകാശനിയമ പ്രകാരമുള്ള കൈവശാവകാശവും വിതരണം ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവയിൽ 391 പട്ടയങ്ങളും വനാവകാശ നിയമ പ്രകാരമുള്ള 230 കൈവശാവകാശവും നിക്ഷിപ്ത വനഭൂമിക്കുള്ള 604 കൈവശാവകാശവും പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ലാൻഡ് ട്രിബ്യൂണലുകളിൽ നിന്നും വിതരണം ചെയ്തിരിക്കുന്ന ക്രയസർട്ടിഫിക്കറ്റ് ലഭിച്ചവരുടെ ജാതി തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത ജില്ലയിൽ പട്ടയ വിതരണത്തിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയവ എത്ര എണ്ണം നിലവിലുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ? | (ബി) | 07.03.2023 തീയതിയിൽ സംസ്ഥാനതല പട്ടയമേളയുടെ ഉദ്ഘാടനവും പട്ടയവിതരണവും വയനാട് ജില്ലയിൽ വെച്ച് നടന്നതിനാൽ വിതരണത്തിനു തയ്യാറാക്കിയതും നടപടിക്രമങ്ങൾ പൂർത്തിയായതുമായ 1203 പട്ടയങ്ങൾ/ കൈവശ രേഖകൾ പ്രസ്തുത പട്ടയ മേളയിൽ വിതരണം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു. |

| ക്ര.നം | താലൂക്ക് | പട്ടയത്തിന്റെ വിഭാഗം | ആകെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം | പട്ടയം ലഭിച്ച എസ്.റ്റി കുടുംബങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വൈത്തിരി | എൽ.എ. പട്ടയം | 32 | - | 1995 ലെ ഭൂമി പതിവ് ചട്ട പ്രകാരം |
| 2 | സുൽത്താൻ ബത്തേരി | എൽ.എ. പട്ടയം | 160 | 160 | 2001 ലെ ഭൂമി പതിവ് ചട്ട പ്രകാരം |
| | | എൽ.എ. പട്ടയം | 35 | 2 | 1964 ലെ ഭൂമി പതിവ് ചട്ട പ്രകാരം |
| | | എൽ.എ. പട്ടയം | 58 | 51 | 1995 ലെ ഭൂമി പതിവ് ചട്ട പ്രകാരം |
| | | മുത്തങ്ങ ഭൂ സമരത്തിൽ പങ്കെടുത്തവർക്കുള്ള കൈവശ രേഖ | 37 | 37 | - |
| 3 | മാനന്തവാടി | എൽ.എ. പട്ടയം | 20 | 2 | 1964 ലെ ഭൂമി പതിവ് ചട്ട പ്രകാരം |
| | | മിച്ച ഭൂമി പട്ടയം | 508 | 20 | - |
| ആകെ | | | 850 | 272 | |

| | | | |
|---|---|---|---|
| | | | ലാൻഡ് ട്രിബ്യൂണലുകളായ മാനന്തവാടി, കല്പറ്റ എന്നിവിടങ്ങളിൽ നിന്നും യഥാക്രമം 300 ഉം 53 ഉം ക്രയസർട്ടിഫിക്കറ്റുകൾ അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ